# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം . 491 — 29.06.2015 ൽ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ. ബി.ഡി. ദേവസ്സി

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

ബഡ്ജറ്റിലെ പദ്ധതികൾ

| | | |
|---|---|---|
| (എ) | 2014-15 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക എത്ര; ഇതിൽ വകയിരുത്തപ്പെട്ട തുക എത്ര; യഥാർത്ഥത്തിൽ ചെലവഴിച്ച തുക എത്ര; | 2014-15 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ 1145.92 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ബഡ്ജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ചതിനു ശേഷം അവ നടപ്പിലാക്കുന്നതിനുള്ള ചുമതല ഭരണ വകുപ്പുകൾക്കും നിർവ്വഹണ വകുപ്പുകൾ ക്കുമാണ്. ഇവയുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തിയ ശേഷമാണ് ബഡ്ജറ്റിൽ തുക വകയിരുത്തുന്നത്. പുതിയ പദ്ധതികളുടെ നടത്തിപ്പിനായി 236.16 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി 110.88 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | 2014-15 ബഡ്ജറ്റിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ എത്രയായിരുന്നു; അവയിൽ എത്ര പദ്ധതികൾക്ക് മുൻവർഷം ഭരണാനുമതി നൽകിയിരുന്നു; ഇവയിൽ നടപ്പിലാക്കിയവ എത്ര ? | വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിലേയ്ക്കായി 2014-15 ബഡ്ജറ്റിൽ 228-ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 126-ഓളം പദ്ധതികൾക്ക് ഇതിനോടകം തന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 30-ഓളം പുതിയ പദ്ധതികൾ |

| | | |
|---|---|---|
| | | ഇതിനോടകം തന്നെ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. മറ്റു പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നു |

അക്കൗണ്ട്സ് ഓഫീസർ